**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **28-01-2026 - ൽ മറുപടിയ്ക്ക്**

**ആർ. ഡി. എസ്. എസ്. ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഡി.എസ്.എസ്. (റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) -ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (എ) | ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ ട്രാൻസ്മിഷൻ മേഖലയിൽ താഴെ പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. |

1. മുട്ടിയാൽ മുതൽ ആഢ്യൻപാറ വരെ നിലവിലുള്ള 33 കെവി സിംഗിൾ സർക്യൂട്ട് (SC) ലൈൻ 33 കെവി ഡബിൾ സർക്യൂട്ട് (DC) ആയി പരിവർത്തനം ചെയ്യുന്നു. കൂടാതെ ആഢ്യൻപാറയിൽ ആർ എം യു (റിംഗ് മെയിൻ യൂണിറ്റ്) സ്ഥാപിച്ച് നിയന്ത്രണ സംവിധാനം ഒരുക്കുന്നതുമാണ് ഈ പ്രവൃത്തി. ഈ പദ്ധതിയുടെ മൊത്തം ദൂരം 1.5 കിലോമീറ്റർ ആണ്. പ്രവൃത്തിയുടെ തുക. 1.2 Cr- 80% പൂർത്തീകരിച്ചു.
2. നിലമ്പൂർ - ആഢ്യൻപാറ 33 കെവി ലൈനിന്റെ ഭാഗമായി നിലമ്പൂർ മുതൽ അകമ്പാടം ജംഗ്ഷൻ വരെ ഉള്ള 33 കെവി വൈദ്യുതി ലൈൻ റീ-കണ്ടക്ടറിംഗ് അണ്ടർ ഗ്രൗണ്ട് കേബിൾ (UG Cable) ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തി. പ്രവൃത്തിയുടെ തുക. - 0.95 Cr- 100% പൂർത്തീകരിച്ചു
3. ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 57.17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | പാക്കേജിന്റെ പേര് | അടങ്കൽ തുക (ലക്ഷം) | പ്രവർത്തികളുടെ പുരോഗതി |
|---|---|---|---|---|
| 1 | കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 11 കെവി ലൈൻ പുനർനിർമാണം | ഡിസ്ട്രിബ്യൂഷൻ പാക്കേജ് 1 | 109.87 | 100% |
| 2 | HT ABC ഉപയോഗിച്ചുള്ള റീകണ്ടക്ടറിംഗ് | ഡിസ്ട്രിബ്യൂഷൻ പാക്കേജ് 4 | 1835 | 99.85% |
| 3 | HT & LT റീകണ്ടക്ടറിംഗ് ഉം പരിവർത്തനവും. | റീജിണൽ പാക്കേജ് 2 | 3777 | 9.61% |

സെക്ഷൻ ഓഫീസർ